Break the Chain
കൈവിടാതിരിക്കാം... കൈ കഴുകാം...


തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**

വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230


**സംഗ്രഹം**

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - കോവിഡ്-19 ന്റെ സാഹചര്യത്തിൽ പിഎച്ച്.ഡി./ എം.ഫിൽ പ്രബന്ധ സമർപ്പണ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഭരണവിഭാഗം

**നമ്പർ: 1971/പിഎച്ച്.ഡി./2020/അക്കാദമികം.** **തീയതി: തിരൂർ, 01.07.2021**

---

പരാമർശം:- 1) F.No. 1-10/2020 (cpp-11) നമ്പറിലുള്ള 2020 ഡിസംബർ 3 ലെ യു.ജി.സി. അറിയിപ്പ്.
2) ഇതേ നമ്പറിലുള്ള 2021 മാർച്ച് 16 ലെ യു.ജി.സി. അറിയിപ്പ്.

## ഉത്തരവ്

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർവകലാശാലകൾ മാസങ്ങളോളം അടഞ്ഞു കിടന്നതിനാൽ ഗവേഷണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടത് കണക്കിലെടുത്ത് 2020 ഡിസംബർ 31 നകം പ്രബന്ധ സമർപ്പണം നടത്തേണ്ട എം.ഫിൽ/പിഎച്ച്.ഡി. ഗവേഷകരുടെ പ്രബന്ധ സമർപ്പണ കാലാവധി, പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ 2021 ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2) കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ സർവകലാശാലകൾ തുടർന്നും അടഞ്ഞുകിടന്നത് കണക്കിലെടുത്ത് 2021 ജൂൺ 30 ന് അവസാനിക്കുന്ന എം.ഫിൽ/പിഎച്ച്.ഡി. ഗവേഷകരുടെ പ്രബന്ധസമർപ്പണ കാലാവധി 2021 ഡിസംബർ 31 വരെ നീട്ടിനൽകാൻ പരാമർശം (2) പ്രകാരം യു.ജി.സി. നിർദ്ദേശിച്ചിട്ടുണ്ട്.

3) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കണമെന്ന ഗവേഷകരുടെ അപേക്ഷ കൂടി പരിഗണിച്ച്, 2021 ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകിയ എം.ഫിൽ/പിഎച്ച്.ഡി. ഗവേഷകരുടെ പ്രബന്ധ സമർപ്പണ കാലാവധി പരമാവധി 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഫെല്ലോഷിപ്പ് കാലാവധി മാറ്റമില്ലാതെ തുടരും.

ഡോ. ഷൈജൻ ഡി.
രജിസ്ട്രാർ

ബന്ധപ്പെട്ട സ്കൂൾ ഡയറക്ടർമാർക്ക്

പകർപ്പ്:
വി.സി. കാര്യാലയം/
ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/
ജെ.ഡി., കെ.എസ്.എ.ഡി. മലയാളസർവകലാശാല/
പി.ആർ.ഒ./വെബ്സൈറ്റ്/
ആഫീസ് രേഖ/കരുതൽ രേഖ